**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1677** **20-06-2024 - ൽ മറുപടിയ്ക്ക്**

**നാളികേര സംഭരണം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കർഷക താത്പര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുവാനും നാളികേരത്തിനുണ്ടാകുന്ന വിലയിടിവ് തടയുവാനും സംസ്ഥാനസർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ്. നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായി സംസ്ഥാന സർക്കാർ 14.01.2022-ലെ സ.ഉ.(കൈ) നം. 3/2022/കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം ആരംഭിച്ചു. കേരഫെഡ് മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 34/- രൂപ സംഭരണ വില നൽകി സംഭരിക്കുന്നുണ്ട്. സംഭരണ വില 32/- രൂപയായിരുന്നത് 2023 ഏപ്രിൽ മുതലാണ് 34/- രൂപയായി സർക്കാർ പുതുക്കി നിശ്ചയിച്ചത്. തേങ്ങയുടെ ഉല്പാദനചെലവും, ഉല്പാദനവും കണക്കാക്കിയാണ് സംഭരണ വില/തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2024 സീസണിലെ തേങ്ങയുടെ താങ്ങുവില 30.132 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 03.868 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.<br><br>സംഭരണകേന്ദ്രങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ആവശ്യകത അനുസരിച്ച് സംഭരണകേന്ദ്രങ്ങളുടെ എണ്ണം സർക്കാർ വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ്. നിലവിൽ 112 പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾക്ക് അനുമതി നൽകിയതിൽ 40 കേന്ദ്രങ്ങളിലൂടെയാണ് നടപ്പ് സാമ്പത്തിക വർഷം പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നത്. അതിൽ കേരഫെഡ് 3 സംഭരണ കേന്ദ്രങ്ങളിലൂടെ നേരിട്ടും, 18 സ്ഥലങ്ങളിൽ സൊസൈറ്റികൾ മുഖേനയും, 9 |

| | | | |
|---|---|---|---|
| | | | സംഭരണ കേന്ദ്രങ്ങളിൽ KSCDC മുഖേനയുമാണ് പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നത്. കേരഫെഡ് നടപ്പ സാമ്പത്തിക വർഷം (2024-25) 30.05.2024 വരെ 736 MT പച്ചത്തേങ്ങ 1800 കർഷകരിൽ നിന്നും സംഭരിച്ചിട്ടുണ്ട്. സർക്കാരിന്റെ ഈ ഇടപെടൽ മൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. കൂടാതെ നാഫെഡ് വഴി കൊപ്ര സംഭരിക്കുന്നതിന്റെ ഭാഗമായി സംഭരണ ഏജൻസിയായി VFPCK -യെ ചുമതലപ്പെടുത്തിയിട്ടുണ്ട് . കർഷകരിൽ നിന്ന് പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി മാറ്റി നാഫെഡിന് കൈമാറുന്നുണ്ട്.<br><br>04.03.2022 ലെ സ.ഉ. (കൈ) 16/2022/കൃഷി പ്രകാരം ഒരു തെങ്ങിൽ നിന്ന് പരമാവധി 50 തേങ്ങ സംഭരിക്കാമെന്ന നിബന്ധനയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ കർഷകരുടെ അഭ്യർത്ഥന മാനിച്ച് രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും 07.11.2022 മുതൽ ഒരു വർഷത്തിൽ തെങ്ങൊന്നിന് പരമാവധി 70 നാളികേരം എന്ന കണക്കിൽ ആറ് തവണകളായോ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം 5 തവണകളായോ പച്ചത്തേങ്ങ സംഭരിക്കുവാനുള്ള പുതുക്കിയ നിർദ്ദേശം നൽകിയിട്ടുണ്ട് . |
| (ബി) | നാളികേര വിലയിടിവ് തടയാൻ പ്രഖ്യാപിച്ച സംഭരണ പദ്ധതി നടത്തിപ്പിലെ അപര്യാപ്തത മൂലം കർഷകർക്ക് ഗുണഫലം ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കർഷക താത്പര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുവാനും നാളികേരത്തിനുണ്ടാകുന്ന വിലയിടിവ് തടയുവാനും സംസ്ഥാനസർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ്. നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായി സംസ്ഥാന സർക്കാർ 14.01.2022-ലെ സ.ഉ. (കൈ) നം. 3/2022/കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം ആരംഭിച്ചു. കേരഫെഡ് മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 34/- രൂപ സംഭരണ വില നൽകി സംഭരിക്കുന്നുണ്ട്. സംഭരണ വില 32/- രൂപയായിരുന്നത് 2023 ഏപ്രിൽ മുതല്ലാണ് 34/- രൂപയായി സർക്കാർ പുതുക്കി നിശ്ചയിച്ചത്. തേങ്ങയുടെ ഉല്പാദനചെലവും, ഉല്പാദനവും കണക്കാക്കിയാണ് സംഭരണ വില/തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2024 സീസണിലെ തേങ്ങയുടെ താങ്ങുവില 30.132 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 03.868 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ |

| | | | |
|---|---|---|---|
| | | | നിലവിൽ കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. സംഭരണകേന്ദ്രങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ആവശ്യകത അനുസരിച്ച് സംഭരണകേന്ദ്രങ്ങളുടെ എണ്ണം സർക്കാർ വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ്. നിലവിൽ 112 പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾക്ക് അനുമതി നൽകിയതിൽ 40 കേന്ദ്രങ്ങളിലൂടെയാണ് നടപ്പ സാമ്പത്തിക വർഷം പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നത്. അതിൽ കേരഫെഡ് 3 സംഭരണ കേന്ദ്രങ്ങളിലൂടെ നേരിട്ടും, 18 സ്ഥലങ്ങളിൽ സൊസൈറ്റികൾ മുഖേനയും, 9 സംഭരണ കേന്ദ്രങ്ങളിൽ KSCDC മുഖേനയുമാണ് പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നത്. കേരഫെഡ് നടപ്പ സാമ്പത്തിക വർഷം (2024-25) 30.05.2024 വരെ 736 MT പച്ചത്തേങ്ങ 1800 കർഷകരിൽ നിന്നും സംഭരിച്ചിട്ടുണ്ട്. സർക്കാരിന്റെ ഈ ഇടപെടൽ മൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. കൂടാതെ നാഫെഡ് വഴി കൊപ്ര സംഭരിക്കുന്നതിന്റെ ഭാഗമായി സംഭരണ ഏജൻസിയായി VFPCK -യെ ചുമതലപ്പെടുത്തിയിട്ടുണ്ട് . കർഷകരിൽ നിന്ന് പച്ചത്തേങ്ങ സംഭരിച്ചു കൊപ്രയാക്കി മാറ്റി നാഫെഡിന് കൈമാറുന്നുണ്ട്.<br><br>04.03.2022 ലെ സ.ഉ. (കൈ) 16/2022/കൃഷി പ്രകാരം ഒരു തെങ്ങിൽ നിന്ന് പരമാവധി 50 തേങ്ങ സംഭരിക്കാമെന്ന നിബന്ധനയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ കർഷകരുടെ അഭ്യർത്ഥന മാനിച്ച് രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും 07.11.2022 മുതൽ ഒരു വർഷത്തിൽ തെങ്ങൊന്നിന് പരമാവധി 70 നാളികേരം എന്ന കണക്കിൽ ആറ് തവണകളായോ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം 5 തവണകളായോ പച്ചത്തേങ്ങ സംഭരിക്കുവാനുള്ള പുതുക്കിയ നിർദ്ദേശം നൽകിയിട്ടുണ്ട് . |
| (സി) | നാളികേരത്തിന്റെ താങ്ങുവില ഉയർത്തുന്നതിനും കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | കേരഫെഡ് മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 34/- രൂപ സംഭരണ വില നൽകി സംഭരിക്കുന്നുണ്ട്. സംഭരണ വില 32/- രൂപയായിരുന്നത് 2023 ഏപ്രിൽ മുതൽക്കാണ് 34/- രൂപയായി സർക്കാർ നിശ്ചയിച്ചത്. തേങ്ങയുടെ ഉല്പാദനചെലവും ഉല്പാദനവും കണക്കാക്കിയാണ് സംഭരണ വില/ തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2024 സീസണിലെ തേങ്ങയുടെ താങ്ങുവില 30.132 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 03.868 രൂപ അധികം നൽകിയാണ് സംസ്ഥാന |

| | | | |
|---|---|---|---|
| | | | സർക്കാർ നിലവിൽ കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.<br><br>സംഭരണകേന്ദ്രങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ആവശ്യകത അനുസരിച്ച് സംഭരണകേന്ദ്രങ്ങളുടെ എണ്ണം സർക്കാർ വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ്. പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാന തല ഏജൻസിയായി നിയമിച്ചിട്ടുള്ളത് കേരഫെഡി നെയാണ്. നിലവിലെ മാർഗ്ഗ നിർദ്ദേശ പ്രകാരം ഓരോ ജില്ലയിലും പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നതിന് അടിസ്ഥാന സൗകര്യവും താത്പര്യവുമുള്ള സഹകരണ സ്ഥാപനങ്ങൾ, നാളികേര ഉത്പാദക സംഘങ്ങൾ, മറ്റ് ഏജൻസികൾ, FPOകൾ എന്നിവയിൽ നിന്നും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ വകുപ്പ് ഭരണ രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവർ ഉൾപ്പെട്ട സമിതി തിരഞ്ഞെടുത്ത് ശുപാർശ ചെയ്യുന്ന മുറയ്ക്ക് കൃഷി ഡയറക്ടർ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുകയും തുടർന്ന് പ്രസ്തുത ഏജൻസികൾ കേരഫെഡുമായി ധാരണ പത്രം ഒപ്പുവച്ച ശേഷം പച്ചത്തേങ്ങ സംഭരണത്തിൽ ഏർപ്പെടുകയുമാണ് ചെയ്തു വരുന്നത് . ഇപ്രകാരം ജില്ലാതല സമിതി ശുപാർശ ചെയ്യുന്ന ഏതു ഏജൻസിയ്ക്കും കൃഷി ഡയറക്ടറുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നാളികേര സംഭരണത്തിൽ പങ്കാളിയാകാവുന്നതാണ് .<br><br>കൂടാതെ നിയമസഭാ സാമാജികരുമായി കൂടിയാലോചിച്ച് ആവശ്യമനുസരിച്ച് സംഭരണ കേന്ദ്രങ്ങൾ വർദ്ധിപ്പിക്കാൻ ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദേശം നല്കിയിട്ടുള്ളതാണ്. |
| (ഡി) | കൃഷി ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന തെങ്ങിൻ തൈകൾ കർഷകർ വാങ്ങിയാൽ മാത്രമേ അവരിൽ നിന്ന് നാളികേരം സംഭരിക്കേണ്ടതുള്ളൂ എന്ന നിർദേശം നല്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | ഇല്ല |
| (ഇ) | നാളികേരം നൽകിയതിലൂടെ കർഷകർക്ക് ലഭിക്കാനുള്ള തുക നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ? | (ഇ) | പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാനതല ഏജൻസിയായി നിശ്ചയിച്ചിരി ക്കുന്നത് കേരഫെഡിനെയാണ്. കേരഫെഡ് നേരിട്ടും കേരഫെഡ് സൊസൈറ്റികൾ മുഖേനയും, കേരഫെഡ് KSCDC മുഖേനയും പച്ചത്തേങ്ങ സംഭരണം നടത്തി വരുന്നു. കേരഫെഡ് പച്ചത്തേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് 2024 ഫെബ്രുവരി വരെയുള്ള തുക നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 100.00 ലക്ഷം രൂപ റിവോൾവിങ്ങ് ഫണ്ടായും 2022-23 വർഷം 200.00 ലക്ഷം രൂപയും 2023-24 വർഷം 300.00 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയും കേരഫെഡിന് പച്ചത്തേങ്ങ സംഭരണത്തിനായി നൽകിയിട്ടുണ്ട്. 2024-2025 സാമ്പത്തിക വർഷത്തിലേയ്ക്കായി പച്ചത്തേങ്ങ സംഭരണത്തിനായി വി.എഫ്.പി.സി.കെ.യ്ക്ക് 10 കോടി രൂപ അനുവദിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ